"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒഎ(ഇകെഎം)നം.730/2016 , ഒഎ(ഇകെഎം)301/2018 നമ്പർ കേസുകളിലെ അന്തിമ ഉത്തരവ് പാലിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്**

സ.ഉ.(സാധാ) നം.2797/2025/LSGD തീയതി,തിരുവനന്തപുരം, 12-11-2025

---

പരാമർശം:-

1. 15/05/1976 ലെ GO (MS) No. 140/76/PD
2. 16.09.1985-ലെ GO(P)No 515/85/FIN ഉത്തരവ്
3. ഒഎ (ഇകെഎം)നം.730/2016 , ഒ എ (ഇകെഎം)301/2018 എന്നിവയിന്മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 28.02.2024ലെ പൊതു ഉത്തരവ്
4. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 09.05.2024, 05.07.2024, 31.07.2024 തീയതികളിലെ .LSGD/PD/1958/2023-DEB1 നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ പായിപ്പാട് ഗ്രാമപഞ്ചായത്ത് ഓഫീസിലെ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ.നവാസ് ബി തുടങ്ങിയവർ ഫയൽ ചെയ്ത ഒഎ (ഇകെഎം)നം.730/2016 നമ്പർ കേസിലെയും ഇലന്തൂർ ഗ്രാമപഞ്ചായത്ത് ഓഫീസിലെ ഹെഡ് ക്ലർക്ക് ശ്രീ.ജോൺ കെ സ്റ്റീഫൻ തുടങ്ങിയവർ ഫയൽ ചെയ്ത ഒ എ (ഇകെഎം)301/2018 കേസിലെയും പരാമർശം 3-ലെ ഉത്തരവിൽ, ടി ഉത്തരവിന്റെ പകർപ്പ് ലഭ്യമായി മൂന്ന് മാസത്തിനുള്ളിൽ ഒ എ (ഇകെഎം) 301/2018 കേസിൽ അനക്ഷർ എ1 മുതൽ എ7 വരെ

ഹാജരാക്കിയിട്ടുള്ളതും ഒ എ (ഇകെഎം) നം.730/2016 നമ്പർ കേസിൽ എ5 , എ7 എന്നിവ പ്രകാരം ഹാജരാക്കിയിട്ടുള്ളതുമായ പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടുകളിലെ വാദങ്ങൾ പരിഗണിച്ചും, അപേക്ഷകരെ നേരിൽ കേൾക്കുന്നതിന് അവസരം നൽകിയും അപേക്ഷകരുടെ അവകാശവാദത്തിന്മേൽ തീരുമാനമെടുക്കുന്നതിന് ഒന്നാം എതിർകക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

**2)** പരാമർശം (2) ലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ഗ്രാമ പഞ്ചായത്തുകളിലെ സൂപ്പർ വൈസറി തസ്തിക ക്ലർക്കുമാരുടെ എണ്ണത്തിനനുസൃതമായി പുനർ നിശ്ചയിക്കുന്നതിനായി പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ചിരുന്ന പ്രൊപ്പോസലും ആയതിന് സർക്കാരിൽ നിന്ന് ആവശ്യപ്പെട്ടിരുന്ന അധിക വിവരങ്ങളും ആയത് സംബന്ധിച്ച തുടർ റിപ്പോർട്ടുകളുമാണ് മേൽ പരാമർശിച്ചിട്ടുള്ള എ1 മുതൽ എ7 വരെയുള്ള അനക്ഷറുകളും എ5, എ7 അനക്ഷറുകളും . ടി അനക്ഷറുകൾ പ്രകാരം പഞ്ചായത്ത് ഡയറക്ടർ വിവിധ തീയതികളായി സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകളിലെ ചുവടെ കൊടുത്തിട്ടുള്ള വസ്തുതകളുടെ അടിസ്ഥാനത്തിലാണ് ഹെഡ് ക്ലർക്ക് തസ്തിക ജൂനിയർ സൂപ്രണ്ട് തസ്തികയായി ഉയർത്തുന്നതിന് ശിപാർശ ചെയ്തിട്ടുള്ളത്.

പഞ്ചായത്ത് വകുപ്പിൽ നിലവിൽ 894 ഗ്രാമപഞ്ചായത്തുകളിൽ 6ഉം അതിൽ കൂടുതലും ക്ലറിക്കൽ തസ്തിക നിലവിലുണ്ട്. എന്നാൽ 374 ഗ്രാമപഞ്ചായത്തുകളിൽ മാത്രമാണ് നിലവിൽ സൂപ്പർവൈസറി തസ്തികയായി ജൂനിയർ സൂപ്രണ്ട് തസ്തികകൾ ഉള്ളത് . ഗ്രാമപഞ്ചായത്തുകളിൽ ക്ലർക്കുമാരുടെ എണ്ണത്തിനനുസരിച്ച് ജൂനിയർ സൂപ്രണ്ട് തസ്തിക അനുവദിക്കപ്പെട്ടാൽ സർക്കാരിനോ ഗ്രാമപഞ്ചായത്തിനോ ഉണ്ടാകുന്ന അധിക സാമ്പത്തിക ബാധ്യത നാമമാത്രമാണ്. കാരണം നിലവിലുള്ള എല്ലാ ഹെഡ്ക്ലർക്കുമാരുടെയും അടിസ്ഥാന ശമ്പളം ജൂനിയർ സൂപ്രണ്ട് തസ്തികയുടെ ശമ്പളസ്കെയിലിന്റെ മിനിമം തുകയെക്കാൾ കൂടുതലാണ്. ഹെഡ്ക്ലർക്ക് തസ്തിക ജൂനിയർ സൂപ്രണ്ട് തസ്തികയായി പരിവർത്തനം ചെയ്യുമ്പോൾ ഒരു പഞ്ചായത്തിന് അധിക സാമ്പത്തിക ബാധ്യത 1224/-രൂപ മുതൽ 1346/- രൂപ വരെ മാത്രമാണ്. നാമ മാത്രമായ ഈ വർദ്ധനവ് ഗ്രാമപഞ്ചായത്തുകൾക്ക് ഒരു ബാദ്ധ്യതയായി കാണാൻ കഴിയില്ല. കൂടാതെ സർക്കാരിന് ഈ ബാധ്യത നേരിട്ട് ബാധിക്കുകയുമില്ല. അസിസ്റ്റന്റ് സെക്രട്ടറി തസ്തിക പുതുതായി സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് ഒരു സൂപ്പർവൈസറി തസ്തികയായിട്ടല്ല. പ്രധാന നിർവ്വഹണ ഉദ്യോഗസ്ഥനെന്ന നിലയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ ചെയ്യുന്ന വിവിധ പ്രോജക്ടുകളായ മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ്പദ്ധതി, സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകളുടെ വിതരണ പുരോഗതി, കുടുംബശ്രീ മെമ്പർ സെക്രട്ടറി തുടങ്ങിയവ അസിസ്റ്റന്റ് സെക്രട്ടറിമാരുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ്.

കൂടാതെ ഗ്രാമപഞ്ചായത്തിന് വിട്ടുനൽകിയിട്ടുള്ള വിവിധ വകുപ്പുകളിലെ ചുമതലകൾ എന്നിവയും അസിസ്റ്റന്റ് സെക്രട്ടറിമാർക്കാണ് ഇത്തരം പ്രവർത്തികൾ നടത്തുന്നതിനിടയിൽ സൂപ്പർവിഷൻ ചുമതല വഹിക്കുന്നതിന് അസിസ്റ്റന്റ് സെക്രട്ടറിമാർക്ക് സമയം ലഭിക്കാറില്ല. ഇപ്പോൾ പട്ടികജാതി പട്ടികവർഗ്ഗ മേഖലയിലെ പ്രോജക്ടുകളുടെ Implementing ആഫീസറായും നൽകിയിട്ടുള്ളത് അസിസ്റ്റന്റ് സെക്രട്ടറിമാർക്കാണ്. ഗ്രാമപഞ്ചായത്തുകളിൽ 10 മുതൽ 4 വരെ ക്ലറിക്കൽ തസ്തികയിലുള്ളവരും 978 ഗ്രാമപഞ്ചായത്തുകളിൽ അക്കൗണ്ടന്റ് തസ്തികകളും 603 ഗ്രാമപഞ്ചായത്തുകളിൽ ഹെഡ് ക്ലർക്കും, 374 ഗ്രാമപഞ്ചായത്തുകളിൽ ജൂനിയർ സൂപ്രണ്ട് തസ്തികകളും, 864 ഗ്രാമപഞ്ചായത്തുകളിൽ അസിസ്റ്റന്റ് സെക്രട്ടറി തസ്തികകളും നിലവിലുണ്ട്. ആയത് പരിശോധിച്ചാൽ ക്ലറിക്കൽ തസ്തികകൾ ക്ലറിക്കൽ ജോലികൾ മാത്രം ചെയ്യുന്നതിലേക്കും അക്കൗണ്ടന്റ് തസ്തികകൾ ഗ്രാമപഞ്ചായത്തിലെ അക്കൗണ്ടിംഗ് സംബന്ധിച്ചുള്ള കാര്യങ്ങൾ മാത്രം നോക്കുന്നതിനും, അസിസ്റ്റന്റ് സെക്രട്ടറി തസ്തിക, ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ വികസന പ്രവർത്തനങ്ങളിൽ സഹായിക്കുന്നതിനും മറ്റ് നിർവ്വഹണ ചുമതല വഹിക്കുന്നതിനും വേണ്ടിയും മാത്രമുള്ളതാണ് എന്ന് ബോധ്യമാകുന്നതാണ്. അവശേഷിക്കുന്ന 603 ഹെഡ് ക്ലർക്ക് തസ്തികകളും 374 ജൂനിയർ സൂപ്രണ്ട് തസ്തികകളുമാണ് മറ്റ് വകുപ്പുകളിലേതുപോലെ ആഫീസിലെ പരിപൂർണ്ണ സൂപ്പർവിഷൻ ചുമതല നിർവ്വഹിക്കുന്നതിന് ഉള്ളത്. കേരളത്തിലെ എല്ലാ ഗ്രാമപഞ്ചായത്തുകളും നിലവിൽ ജോലിയുടെ കാര്യത്തിലും വിവിധ പദ്ധതികളുടെ നിർവ്വഹണകാര്യത്തിലും പ്രവർത്തനങ്ങൾ ഏറെക്കുറെ ഒന്നു തന്നെയാണ്. ഒരേ തസ്തികയിലേക്കുള്ളവർക്ക് ഏതു ഗ്രാമപഞ്ചായത്തിലും ജോലി നോക്കാവുന്ന അവസ്ഥയാണ് നിലവിലുള്ളത്. നിലവിൽ വകുപ്പിന്റെ ആവശ്യം സൂപ്പർവൈസറി കേഡറിലുള്ള ഹെഡ് ക്ലർക്ക് തസ്തിക കേഡർ സ്ട്രെംഗ്തിന്റെ അടിസ്ഥാനത്തിലും പരാമർശം (2) ന്റെ അടിസ്ഥാനത്തിലും ഉയർത്തി ജൂനിയർ സൂപ്രണ്ട് തസ്തികയായി പരിവർത്തനം ചെയ്യുക എന്നുള്ളതാണ്. അതുവഴി എല്ലാ ഗ്രാമ പഞ്ചായത്തുകളിലെയും ജോലിഭാരം ഏകീകരിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിലെ ആഫീസ് ഘടന ഏകീകരിക്കുന്നതിനും, കേരളത്തിലെ മറ്റ് വകുപ്പുകളിൽ അനുവദിക്കപ്പെട്ടിട്ടുള്ള സൂപ്പർവൈസറി തസ്തികകളിലുള്ള തുല്യത പഞ്ചായത്ത് വകുപ്പിന് ലഭ്യമാകുന്നതുമാണ്. മേൽ സാഹചര്യത്തിലാണ് ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാർക്ക് കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുവാനും ആഫീസുകളിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ക്ലറിക്കൽ സംഖ്യാബലത്തിന് ആനുപാതികമായി സൂപ്പർവൈസറി തസ്തികയായ 520 ജൂനിയർ സൂപ്രണ്ട് തസ്തികകൾ (ആറും അതിൽ കൂടുതൽ ക്ലറിക്കൽ തസ്തികകൾ ഉള്ള ഗ്രാമപഞ്ചായത്തുകളിലെ 520 ഹെഡ് ക്ലർക്ക് തസ്തിക ഒഴിവാക്കി) അനുവദിച്ച് ഉത്തരവുണ്ടാകുന്നതിന് ശിപാർശ ചെയ്തിട്ടുള്ളത്.

**3)**പരാമർശം (3) ന്റെ അടിസ്ഥാനത്തിൽ മേൽ കേസുകളിലെ അപേക്ഷകരെ 10.05.2024-ൽ ഡെപ്യൂട്ടി സെക്രട്ടറി നേരിൽ കേൾക്കുകയുണ്ടായി. തദവസരത്തിൽ അപേക്ഷകർ സമർപ്പിച്ച വാദഗതികൾ ചുവടെ കൊടുക്കുന്നു.

പരാമർശം (2) പ്രകാരം സംസ്ഥാനത്തെ സർക്കാർ വകുപ്പുകളിലെ ക്ലറിക്കൽ വിഭാഗത്തിലെയും മിനിസ്റ്റീരിയൽ സൂപ്പർവൈസറി വിഭാഗങ്ങളിലെയും ജീവനക്കാരുടെ അനുപാതം നിശ്ചയിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം പഞ്ചായത്ത് വകുപ്പിൽ ക്ലറിക്കൽ വിഭാഗം ജീവനക്കാരുടെ അനുപാത ക്രമീകരണം നടപ്പാക്കിയിട്ടുള്ളതാണ്. ക്ലറിക്കൽ ജീവനക്കാരുടെ എണ്ണത്തിന് ആനുപാതികമായി സൂപ്പർ വൈസറി വിഭാഗം ജീവനക്കാരുടെ അനുപാത ക്രമീകരണം നടത്തുന്നതിനുള്ള ശിപാർശ സമർപ്പിച്ചിരുന്നെങ്കിലും സർക്കാർ അധികമെന്ന് കണ്ടെത്തി താൽക്കാലിക നിയമനം നൽകിയ മുപ്പതിനായിരത്തോളം തസ്തികകൾ പുനർവിന്യസിക്കുന്നത് വരെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സ്ഥിതിയെ സാരമായി ബാധിക്കുമെന്നതിനാൽ ആവശ്യം പരിഗണിക്കാൻ കഴിയില്ലെന്നു കാണിച്ച് നിരസിച്ചിട്ടുള്ളതാണ്. എന്നാൽ നാളിതുവരെയും ജീവനക്കാരുടെ പുനർ വിന്യാസം നടന്നിട്ടില്ലാത്തതും കൂടാതെ സൂപ്പർവൈസറി തസ്തികയ്ക്ക് അതേ വകുപ്പിലെ ക്ലറിക്കൽ പരിചയം അനിവാര്യമായതിനാൽ സൂപ്പർവൈസറി തസ്തികയിലേയ്ക്ക് മറ്റ് വകുപ്പുകളിൽ നിന്ന് പുനർവിന്യാസം നടത്തുന്നത് സേവനത്തിന്റെ ഗുണപരതയെ സാരമായി ബാധിക്കുന്നതും ആയത് പ്രായോഗികമല്ലാത്തതുമാണ്. 2021 കാലയളവിൽ പോലീസ് വകുപ്പിലെ ഡ്രൈവർ തസ്തികകൾ അപ്ഗ്രേഡ് ചെയ്യുന്നതിനും അതേ വർഷം തന്നെ പൊതു വിദ്യാഭ്യാസ വകുപ്പിൽ ഹയർസെക്കൻഡറി വിഭാഗത്തിൽ എയ്ഡഡ് ഹയർ സെക്കൻഡറി സ്കൂളുകൾക്ക് 194 അധിക തസ്തികകൾ സൃഷ്ടിക്കുകയും 21 തസ്തികകൾ ഉയർത്തുകയും ചെയ്തിട്ടുള്ളതും മറ്റ് നിരവധി വകുപ്പുകളിൽ 2016-23 കാലയളവിൽ പുതുതായി തസ്തികകൾ സൃഷ്ടിക്കുന്ന സമീപനം സർക്കാർ സ്വീകരിച്ചിട്ടുള്ളതുമാണ്. 03/01/2014 ൽ ആഭ്യന്തര വകുപ്പിന് കീഴിലുള്ള ഫയർ ആൻഡ് റെസ്ക്യൂ സർവീസിൽ മേൽപ്പറഞ്ഞ ധനകാര്യ കമ്മീഷൻ ശിപാർശ അംഗീകരിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്റ്റാഫ് സ്റ്റാൻഡൈസേഷൻ ക്ലർക്ക് തലത്തിൽ നിന്നും ഹെഡ് ക്ലർക്ക് തലത്തിലും ജൂനിയർ സൂപ്രണ്ട് തലത്തിലും ഉയർത്തി ഉത്തരവായിട്ടുള്ളതും ഏകീകൃത എൽ എസ് ജി ഡി പൊതു സർവീസിൽ തന്നെ പൊതു സർവീസിന്റെ ഭാഗമായി പുതിയ തസ്തികൾ സൃഷ്ടിച്ച കൊണ്ടും തസ്തികകൾ അപ്ഗ്രേഡ് ചെയ്തുകൊണ്ടും 2022 കാലയളവിൽ ഉത്തരവുകൾ ഉണ്ടായിട്ടുള്ളതും ആയതുപ്രകാരം ഒരു അഡീഷണൽ ഡയറക്ടർ, 7 ജോയിന്റ് ഡയറക്ടർ എന്നീ തസ്തികകൾ സൃഷ്ടിക്കുകയും കോർപ്പറേഷൻ സെക്രട്ടറി, കോർപ്പറേഷൻ അഡീഷണൽ സെക്രട്ടറി, ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് മുൻസിപ്പൽ സെക്രട്ടറി ഗ്രേഡ് I, അസിസ്റ്റന്റ് ഡയറക്ടർ

ഓഫ് പഞ്ചായത്ത്, ഇന്റേണൽ വിജിലൻസ് ഓഫീസർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, പ്രോവിഡന്റ് ഫണ്ട് അക്കൗണ്ട്സ് ഓഫീസർ, മുൻസിപ്പൽ സെക്രട്ടറി ഗ്രേഡ് III , ക്യാമ്പയിൻ ഓഫീസർ, ഹെൽത്ത് സൂപ്പർവൈസർ, ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 1 എന്നീ തരത്തിൽ 233 ഉയർന്ന തസ്തികകളുടെ പദവിയും ശമ്പളവും ഉയർത്തുകയുണ്ടായിട്ടുള്ളതുമാണ്. എന്നാൽ പൊതു സർവീസ് രൂപീകൃതമായപ്പോൾ ഉയർന്ന തസ്തികകൾ അധികമായി സൃഷ്ടിക്കപ്പെട്ടിട്ടുള്ളത് സർക്കാരിന് നേരിട്ട് സാമ്പത്തിക ബാധ്യതയുണ്ടാക്കുന്നതാണെങ്കിലും ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനത്തിൽ നിന്നും നൽകുന്നതിനാൽ ഗ്രാമ പഞ്ചായത്തുകളിലെ ഹെഡ് ക്ലാർക്ക് തസ്തിക ജൂനിയർ സൂപ്രണ്ട് ആയി ഉയർത്തുന്നത് വഴി സർക്കാരിന് നേരിട്ട് യാതൊരു സാമ്പത്തിക ബാധ്യതയും ഉണ്ടാവുന്നില്ല. മാത്രമല്ല പഞ്ചായത്ത് വകുപ്പിലെ ഹെഡ് ക്ലർക്കുമാർ എല്ലാവരും തന്നെ നിലവിൽ ജൂനിയർ സൂപ്രണ്ടിന്റെ ശമ്പള സ്കെയിലിന്റെ മിനിമത്തിന് മുകളിൽ ശമ്പളം വാങ്ങുന്നവരാകയാൽ രണ്ട് വർഷം കഴിഞ്ഞ് ഒരു ഹെഡ് ക്ലാർക്കിനു ലഭിക്കേണ്ട KSR Rule 28A പ്രകാരമുള്ള ഫിക്സേഷൻ ഗുണം കുറച്ച് നേരത്തേ ലഭിക്കുന്നു എന്ന് മാത്രമേയുള്ളൂ എന്നും, നിലവിലെ പഞ്ചായത്ത് വകുപ്പിലെ ഹെഡ് ക്ലാർക്കുമാരുടെ സീനിയോറിറ്റി ലിസ്റ്റ് പരിശോധിച്ചാൽ നിലവിലെ ഹെഡ് ക്ലർക്കുമാർ എല്ലാം ജൂനിയർ സൂപ്രണ്ട് തസ്തികയിൽ ജോലി ചെയ്ത ശേഷം മാത്രമേ വിരമിക്കാൻ സാധ്യതയുള്ളൂ എന്നതിനാൽ ഹെഡ് ക്ലാർക്ക് തസ്തിക ജൂനിയർ സൂപ്രണ്ട് തസ്തികയായി ഉയർത്തുന്നതു വഴി സർക്കാരിന് അധിക ബാധ്യത ഉണ്ടാകുന്നില്ല. ഗ്രാമപഞ്ചായത്തുകളിൽ നിലവിൽ സൂപ്പർവൈസറി തസ്തികകളായി ഉള്ള ഹെഡ് ക്ലാർക്ക് / ജൂനിയർ സൂപ്രണ്ട്, അസിസ്റ്റന്റ് സെക്രട്ടറി എന്നീ തസ്തികകളിൽ ജൂനിയർ സൂപ്രണ്ട് തസ്തികയും ഹെഡ് ക്ലാർക്കു തസ്തികയും ഒരുമിച്ച് ഒരു ഓഫീസിൽ നിലവിലില്ല. പരാമർശം (1) അഡ്മിനിസ്ട്രേറ്റീവ് സൂപ്പർ വിഷനും മിനിസ്റ്റീരിയൽ സൂപ്പർ വിഷനും വ്യക്തമായി നിർവചിച്ചിട്ടുള്ളതിൻ പ്രകാരം അസിസ്റ്റന്റ് സെക്രട്ടറി എന്ന ഉദ്യോഗസ്ഥൻ ഗ്രാമപഞ്ചായത്തുകളിൽ അഡ്മിനിസ്ട്രേറ്റീവ് സൂപ്പർ വിഷനും ഹെഡ് ക്ലാർക്ക് /ജൂനിയർ സൂപ്രണ്ട് എന്നിവർ മിനിസ്റ്റീരിയൽ സൂപ്പർ വിഷനുമാണ് ചെയ്യുന്നത് എന്നതിനാൽ അസിസ്റ്റൻറ് സെക്രട്ടറി തസ്തികയെ മിനിസ്റ്റീരിയൽ സൂപ്പർവൈസിംഗ് തസ്തികയായി പരിഗണിക്കാൻ കഴിയില്ല. ഗ്രാമപഞ്ചായത്തുകളിലെ അക്കൗണ്ടന്റുമാരെയും സമാന തസ്തികയിലുള്ള ഹെഡ് ക്ലാർക്ക് / ജൂനിയർ സൂപ്രണ്ടുമാർ സൂപ്പർവൈസ് ചെയ്യുന്ന സ്ഥിതിയാണ്. ആയതിനാൽ പഞ്ചായത്ത് ഡയറക്ടർ ശിപാർശ ചെയ്തതിലധികം ഹെഡ് ക്ലാർക്കുമാർ ആറു ജീവനക്കാരിൽ അധികം പേരെ സൂപ്പർവൈസ്ചെയ്യുന്നുണ്ട്. തദ്ദേശസ്വയംഭരണ പൊതു സർവീസ് രൂപീകരിച്ചതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പിൽ അക്കൗണ്ടന്റ് / ഹെഡ് ക്ലാർക്ക് തസ്തികകൾ ഏകീകരിച്ചിട്ടുള്ളതിനാൽ ഒരു ഗ്രാമപഞ്ചായത്തിൽ ജൂനിയർ ആയുള്ള ആൾ

അക്കൗണ്ടന്റ് ആയി ജോലി ചെയ്യുകയും സീനിയറായുള്ളയാൾ ഹെഡ് ക്ലർക്കായി ജോലി ചെയ്യുകയും ചെയ്യുന്ന സാഹചര്യമാണ് ഉള്ളത്. ഇതിൽ തന്നെ നിലവിൽ ഹെഡ് ക്ലാർക്കായി ജോലി ചെയ്യുന്ന ഉദ്യോഗസ്ഥൻ അതേ ഓഫീസിൽ ഹെഡ് ക്ലർക്ക് തസ്തികയിൽ സീനിയർ ആയ ഉദ്യോഗസ്ഥൻ സ്ഥലം മാറി വരുമ്പോൾ സൂപ്പർവൈസറി കേഡർ അല്ലാത്ത ഹെഡ് അക്കൗണ്ടന്റ് ആയി ജോലി ചെയ്യേണ്ടിവരുന്ന സാഹചര്യമുണ്ടാകുന്നു. ആയത് പ്രസ്തുത ജീവനക്കാരനെ സംബന്ധിച്ച് മാനസിക പ്രയാസം ഉണ്ടാക്കുന്നതും ജോലി സ്ഥലത്തെ ഇത്തരം ജോലിസാഹചര്യങ്ങൾ കാര്യക്ഷമതയെ കാര്യമായി ബാധിക്കുകയും ചെയ്യുന്നു. കൂടാതെ അക്കൗണ്ടന്റ് ചെയ്യേണ്ട ജോലി നൈരന്തര്യം ആവശ്യമുള്ള ജോലിയായതിനാൽ ഇത്തരത്തിൽ സ്ഥലംമാറ്റം മൂലമുള്ള ജോലിമാറ്റം അക്കൗണ്ട്സുമായി ബന്ധപ്പെട്ട ജോലികൾ സുഗമമായി ചെയ്യുന്നതിൽ പ്രയാസം സൃഷ്ടിക്കുന്നു. വസ്തു നികുതി പരിഷ്കരണം, ലൈസൻസ് ഫീസ് വർദ്ധനവ്, കെട്ടിട പെർമിറ്റ് ഫീസ് വർദ്ധനവ് എന്നിവ മൂലവും തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് ഏർപ്പെടുത്തൽ, പൊതു ടാപ്പുകളുടെ എണ്ണം സംയുക്ത പരിശോധനയിലൂടെ കുറയ്ക്കൽ എന്നീ നടപടികളിലൂടെ പഞ്ചായത്തുകളുടെ തനത് വരുമാനം നല്ല രീതിയിൽ വർദ്ധിച്ചിട്ടുള്ളതിനാൽ 43400-91200 /- ശമ്പള നിരക്കിൽ വാർഷിക ശമ്പള വർദ്ധനവ് 1100/- രൂപ മാത്രം ഉള്ള ജൂനിയർ സൂപ്രണ്ടിന്റെ തസ്തികയിലേയ്ക്ക് ഹെഡ് ക്ലർക്ക് തസ്തിക ഉയർത്തുന്നതു കൊണ്ട് ഗ്രാമ പഞ്ചായത്തുകൾക്ക് പ്രതിമാസം പരമാവധി 3000/- രൂപയുടെ അധിക ബാധ്യത മാത്രമാണ് നിലവിൽ ഉണ്ടാകുന്നത്. ആയത് പഞ്ചായത്തുകളുടെ വാർഷിക തനത് വരുമാനവുമായി തട്ടിച്ചുനോക്കുമ്പോൾ തികച്ചും നാമമാത്രമാണ്. ക്ലർക്ക് തസ്തികയിൽ 2 മുതൽ 4 വരെ സർവ്വീസുള്ള 990 പേർക്ക് 9190 - 15780 രൂപ സ്കെയിലിൽ നിന്നും 2 വാർഷിക ശമ്പള വർദ്ധനവുകൾ അനുവദിച്ച് 13210/- രൂപയിലേക്ക് 2013 ലെ ക്ലറിക്കൽ സ്റ്റാന്റേർഡൈസേഷൻ മുഖേന ഉദ്യോഗ കയറ്റം ലഭിച്ചിട്ടുണ്ട്. എന്നാൽ സൂപ്പർവൈസറി തസ്തികയിൽ സ്റ്റാന്റേർഡൈസേഷൻ അനുവദിക്കാത്തത് സീനിയറായ 520 ഹെഡ് ക്ലർക്കുമാർക്ക് നീതി നിഷേധിക്കുന്നതും അവസര സമത്വത്തിൻറെയും തുല്യ നീതിയുടെയും നിഷേധവുമാണ്. ആയതിനാലാണ് ബഹു. കോടതിയെ സമീപിച്ചത്. കോടതി ഉത്തരവ് കണക്കിലെടുത്ത് പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ട് പരിഗണിച്ച് , പഞ്ചായത്ത് ഡയറക്ടർ, ക്ലറിക്കൽ തസ്തികയിലെ അനുപാത ക്രമീകരണം അനുവദിച്ച 12/06/2013 തീയതി പ്രാബല്യത്തിൽ വകുപ്പിലെ അർഹമായ ഹെഡ് ക്ലാർക്ക് തസ്തികകൾ ജൂനിയർ സൂപ്രണ്ട് തലത്തിൽ ഉയർത്തി ഉത്തരവുണ്ടാകണമെന്നും അപേക്ഷകർ ആവശ്യപ്പെട്ടു.

മേൽ വിഷയത്തിൽ തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4)

പ്രകാരം അറിയിച്ചത് ചുവടെ കൊടുക്കുന്നു,

നാലാം ശമ്പള കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിലുള്ള പരാമർശം (2) പ്രകാരം ആറോ അതിലധികമോ ക്ലറിക്കൽ തസ്തികകൾ നിലവിലുള്ള ഒരു ഓഫീസിലെ സൂപ്പർവൈസറി തസ്തിക ജൂനിയർ സൂപ്രണ്ട് ആയിരിക്കേണ്ടതാണെന്നും ആറിൽ താഴെ ക്ലറിക്കൽ തസ്തികകൾ മാത്രമാണുള്ളതെങ്കിൽ ടി തസ്തിക ഹെഡ്ക്ലർക്ക് ആയിരിക്കുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്ത് വകുപ്പിൽ ആകെയുള്ള 609 ഹെഡ് ക്ലർക്ക് തസ്തികകളിൽ 595 തസ്തികകൾ ഗ്രാമപഞ്ചായത്തുകളിലും, 14 തസ്തികകൾ ജില്ലാ പഞ്ചായത്തുകളിലുമാണുള്ളത്. കൂടാതെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഓരോ അക്കൗണ്ടന്റ് തസ്തികകളും ഉണ്ട്. ആയതിൽ 543 ഗ്രാമപഞ്ചായത്തുകളിൽ ആറോ അതിലധികമോ ക്ലറിക്കൽ തസ്തികകളും, കൂടാതെ അക്കൗണ്ടന്റ് തസ്തികയും ഉണ്ട്. മേൽ ഗ്രാമപഞ്ചായത്തുകളിൽ അക്കൗണ്ടന്റ് തസ്തിക ഉൾപ്പെടെ ഏഴ് തസ്തികകളുടെ സൂപ്പർവിഷൻ നടത്തുന്നത് ഹെഡ് ക്ലാർക്ക് ആണ്. നിലവിൽ അക്കൗണ്ടന്റും, ഹെഡ് ക്ലാർക്കും സമാന തസ്തികകളായതിനാൽ, ഉയർന്ന ഫീഡറിലുള്ള തസ്തിക വഴി സൂപ്പർവിഷൻ നടത്തുന്നതായിരിക്കും അഭികാമ്യം. സംസ്ഥാനത്തെ മറ്റെല്ലാ വകുപ്പുകളിലും ആറോ അതിലധികമോ ക്ലർക്കുമാരുള്ളയിടങ്ങളിൽ സൂപ്പർവൈസറി തസ്തികയായി ജൂനിയർ സൂപ്രണ്ട് തസ്തികയാണുള്ളത്. 542 ഗ്രാമപഞ്ചായത്തുകളിലും ആറോ അതിലധികമോ ക്ലർക്കുമാർ ഉണ്ടായിട്ടും ടി സൂപ്പർവൈസറി തസ്തികകൾ നിലവിലും ഹെഡ്ക്ലാർക്കായി തുടരുന്ന അവസ്ഥയാണുള്ളത്. ഇത് ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാരുടെയും ഘടക സ്ഥാപനങ്ങളിലെ ജീവനക്കാരുടേയും വിവിധ പദ്ധതികളുടെയും ഫലപ്രദമായ ഏകോപനത്തിനെ ബാധിക്കുന്നുണ്ട്. ഹെഡ് ക്ലർക്ക് തസ്തികയിലെ നിലവിലെ ശമ്പള സ്കെയിൽ 39300-83000 ആണ്. ജൂനിയർ സൂപ്രണ്ട് തസ്തികയിലെ നിലവിലെ ശമ്പള സ്കെയിൽ 43400-91200 ആണ്. ഹെഡ് ക്ലർക്ക് തസ്തികകൾ ജൂനിയർ സൂപ്രണ്ട് തസ്തികയായി ഉയർത്തുമ്പോൾ ജൂനിയർ സൂപ്രണ്ടായി മാറ്റപ്പെടുന്ന എല്ലാ സീനിയർ ഹെഡ് ക്ലർക്കുമാരും ജൂനിയർ സൂപ്രണ്ടിന്റെ ശമ്പള സ്കെയിലിലെ പ്രാഥമിക അടിസ്ഥാന ശമ്പളത്തിന് മുകളിൽ ശമ്പളം വാങ്ങുന്നതിനാൽ ഇവ ജൂനിയർസൂപ്രണ്ടായി ഉയർത്തുന്നത് വഴി രണ്ട് ഇൻക്രിമെന്റ് വർദ്ധനവ് മാത്രമാണ് ഉണ്ടാകുക. നിലവിലെ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം ഫിക്സേഷൻ മുഖേന ഒരു തവണ ഒരു ഗ്രാമപഞ്ചായത്തിന് 1100+1100+ഡി.എ% അധികമായി ബാധ്യതയുണ്ടാകുന്നത്. ഈ തുക അതത് ഗ്രാമപഞ്ചായത്തുകൾ തന്നെ നേരിട്ട് അവരുടെ തനത് ഫണ്ടിൽ നിന്നും വഹിക്കുന്നതിനാൽ സർക്കാരിനെ സാമ്പത്തികമായി ബാധിക്കുകയില്ല. പഞ്ചായത്തിനെ സംബന്ധിച്ച് അധികമായി ഉണ്ടായേക്കാവുന്ന ഇൻക്രിമെന്റ് തുക വഹിക്കുന്നതിന് അതാത് പഞ്ചായത്തുകളുടെ തനത് ഫണ്ടിന് നിലവിൽ പ്രാപ്തിയുണ്ട്. ഗ്രാമപഞ്ചായത്തുകളുടെ നികുതി

വരുമാനത്തിൽ മാത്രം ഉണ്ടായിട്ടുള്ള വർദ്ധനവ് ചുവടെ ചേർക്കുന്നു.

| 2022-23 | | 2023-24 | |
|---|---|---|---|
| Total Demand | Total Collection | Total Demand | Total Collection |
| 6519581216 | 5622209945 | 6965295783 | 5875761291 |

നികുതി ഡിമാന്റിൽ 6.84 % വർദ്ധനവും കളക്ഷനിൽ 4.5% വർദ്ധനവും കൈവരിച്ചിട്ടുണ്ട്.കൂടാതെ പെർമിറ്റ് ഫീ, മറ്റ് യൂസർ ഫീ എന്നിവയുടെ നിരക്ക് വർദ്ധനവ് മൂലം നികുതിയിതര വരുമാനവും ഗ്രാമപഞ്ചായത്തുകളിൽ വർദ്ധിച്ചിട്ടുണ്ട്. തദ്ദേശ വകുപ്പിന്റെ ഭാഗമായ പഞ്ചായത്ത് വകുപ്പിൽ സീനിയർ ക്ലർക്ക്, ക്ലർക്ക് തസ്തികളിൽ നിലവിലുള്ള കേഡർ സ്ട്രെങ്ത് 7263 ആണ്. പ്രസ്തുത കേഡർ സ്ട്രെങ്തിന് ആനുപാതികമായി കണക്കാക്കിയാലും കുറഞ്ഞത് 1211 ജൂനിയർ സൂപ്രണ്ട് തസ്തികകൾ ഉണ്ടാകേണ്ടതാണ്. എന്നാൽ നിലവിൽ തദ്ദേശ വകുപ്പിന്റെ ഭാഗമായിട്ടുള്ള പഞ്ചായത്ത് വകുപ്പിൽ 584 എണ്ണം ജൂനിയർ സൂപ്രണ്ട് തസ്തികകൾ മാത്രമാണ് ഉള്ളത്. പ്രസ്തുത സാഹചര്യത്തിൽ ആറോ അതിലധികമോ ക്ലാർക്കുമാർ ഉള്ള (അക്കൗണ്ടന്റ് തസ്തിക കൂടി കണക്കിലെടുത്താൽ സൂപ്പർവൈസ് ചെയ്യേണ്ട ജീവനക്കാരുടെ എണ്ണം 7 വരും) 543 ഗ്രാമ പഞ്ചായത്തുകളിലെ ഹെഡ്ക്ലർക്ക് തസ്തികകൾ പരാമർശം (2) ലെ വ്യവസ്ഥകൾ പ്രകാരം പരിവർത്തനം ചെയ്ത് ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് ഉയർത്താവുന്നതാണ്. ഇപ്രകാരം 543 പഞ്ചായത്തുകളിലെ ഹെഡ്ക്ലർക്ക് തസ്തിക ജൂനിയർ സൂപ്രണ്ടായി ഉയർത്തുന്നത് വഴി എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഒരു ഏകീകൃത സ്റ്റാഫ് പാറ്റേൺ നിലവിൽ വരുന്നതാണ്. അതായത് ആറോ അതിലധികമോ ക്ലറിക്കൽ തസ്തികകളുള്ള ഗ്രാമപഞ്ചായത്തിൽ 1985 ലെ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരമുള്ള സൂപ്പർവൈസറി കേഡർ സംവിധാനം നടപ്പിലാക്കുവാൻ സാധിക്കും. നിലവിൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലേയും ജോലി എകീകൃത സ്വഭാവമുള്ളതായതിനാൽ എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഇപ്രകാരം ഒരു ഏകീകൃത സ്റ്റാഫ് പാറ്റേൺ നടപ്പിൽ വരുത്തുന്നത് ഉചിതമായിരിക്കും. ഇതിന്റെ ഭാഗമായിട്ടാണ് പഞ്ചായത്ത് വകുപ്പിലെ സ്പെഷ്യൽ ഗ്രേഡ് സെക്രട്ടറി, ഗ്രാമപഞ്ചായത്ത് സെക്രട്ടറി എന്നീ രണ്ടുതരം സെക്രട്ടറി തസ്തികകൾ സർക്കാർ ഏകീകരിച്ചിട്ടുള്ളത്. ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പ്

രൂപീകൃതമായെങ്കിലും ഗ്രാമപഞ്ചായത്തുകളിലെ ജീവനക്കാരുടെ എണ്ണത്തിൽ മാറ്റം വരുകയോ തസ്തിക ഉയർത്തുകയോ ഉണ്ടായിട്ടില്ല. തദ്ദേശ വകുപ്പിലെ ഇന്റഗ്രേറ്റ് ചെയ്യപ്പെട്ട വകുപ്പുകളിലെ ജീവനക്കാരുടെ cadre Strength, seniority എന്നിവ നിലനിർത്തികൊണ്ടാണ് വകുപ്പുകളിലെ സ്ഥാനക്കയറ്റം സ്പെഷ്യൽ റൂൾ പ്രകാരം നടപ്പിലാക്കി വരുന്നത്. ആയത് കൊണ്ട് തന്നെ 543 പഞ്ചായത്തുകളിലെ ഹെഡ്ക്ലർക്ക് തസ്തിക ജൂനിയർ സൂപ്രണ്ടായി ഉയർത്തുന്നത് കൊണ്ട് സിനിയോറിററി, സ്ഥാനകയറ്റം എന്നിവ സംബന്ധിച്ച തർക്കങ്ങൾക്കും സാധ്യതയില്ല.

മേൽ പറഞ്ഞ പ്രകാരം ഗ്രാമപഞ്ചായത്തുകളിലെ 543 ഹെഡ് ക്ലർക്ക് തസ്തികകൾ ജൂനിയർ സൂപ്രണ്ട് തസ്തികയായി പരിവർത്തനം ചെയ്യുന്നത് അധിക തസ്തിക സൃഷ്ടിക്കലല്ലാത്തതും ഇതു മൂലം ഒരു ഗ്രാമപഞ്ചായത്തിനുണ്ടാകുന്ന അധിക ബാധ്യത ഒരു ജീവനക്കാരന് രണ്ട് ഇൻക്രിമെന്റ് വർദ്ധന നല്കുക എന്നത് മാത്രവുമാണ് എന്നതിനാലും പരാമർശം (2) പ്രകാരമുള്ള 1985 ലെ സംസ്ഥാന ശമ്പള കമ്മീഷന്റെ ശിപാർശ പ്രകാരമുള്ള സ്റ്റാഫ് പാറ്റേൺ ഗ്രാമപഞ്ചായത്തുകളിൽ കൂടി നടപ്പിലാക്കുന്നതിനായി ഗ്രാമപഞ്ചായത്തിലെ 543 ഹെഡ് ക്ലർക്ക് തസ്തികകൾ ജൂനിയർ സൂപ്രണ്ട് തസ്തികകളായി ഉയർത്താവുന്നതും 52 ഹെഡ് ക്ലർക്ക് തസ്തികകൾ വകുപ്പിൽ നിലനിർത്താവുന്നതുമാണ്. നിലവിലെ ഹെഡ് ക്ലാർക്ക് തസ്തികകൾ ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് പരിവർത്തനം ചെയ്ത് ആയതിന്റെ അടിസ്ഥാനത്തിൽ ജീവനക്കാർക്ക് പഞ്ചായത്തുകളുടെ തനത് ഫണ്ടിൽ നിന്നും വർദ്ധിപ്പിച്ച നിരക്കിലുള്ള ശമ്പളം അനുവദിക്കുന്നതിന് അഞ്ച് പഞ്ചായത്തുകൾ ഒഴികെ മറ്റെല്ലാ പഞ്ചായത്തുകളും സമ്മതമാണെന്ന് അറിയിച്ചിട്ടുണ്ട് എന്നും ഗ്രാമപഞ്ചായത്തുകളിലെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിക്കണമെന്ന് 9-ാം ശമ്പള പരിഷ്കരണ കമ്മീഷൻ സർക്കാരിനോട് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടി വിഷയം സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നതിന് സർക്കാർ നിയോഗിച്ച സമിതി സർക്കാരിലേക്ക് സമർപ്പിച്ച ശിപാർശയിലെ ഖണ്ഡിക 7-ൽ എല്ലാ ഗ്രാമപഞ്ചായത്തിലും ജൂനിയർ സൂപ്രണ്ട് തസ്തികകൾ അനിവാര്യമാണെന്നും, ഗ്രാമപഞ്ചായത്തുകളിൽ നിലവിലുള്ള ഹെഡ് ക്ലർക്ക് തസ്തികകൾ ജൂനിയർ സൂപ്രണ്ട് തസ്തികയായി പരിവർത്തനം ചെയ്യേണ്ടതാണെന്നും ശുപാർശ ചെയ്തിട്ടുണ്ടെന്നും പരാമർശം (4) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചുവടെ

കൊടുത്തിട്ടുള്ള കാരണങ്ങളാൽ 543 ഹെഡ് ക്ലർക്ക് തസ്തികകൾ ജൂനിയർ സൂപ്രണ്ട് തസ്തികകളായി അപ്ഗ്രേഡ് ചെയ്യണമെന്ന അപേക്ഷകരുടെ ആവശ്യം നിരസിച്ചും ഇത്തരം വിഷയങ്ങൾ കാലാകാലങ്ങളിൽ ബന്ധപ്പെട്ട ശമ്പളപരിഷ്കരണകമ്മീഷനുകൾ നിർദ്ദേശിക്കുന്നതിനനുസരിച്ചാണ് നടപ്പിലാക്കുക എന്നതിനാൽ ടി വിഷയം വരുന്ന ശമ്പള പരിഷ്കരണ കമ്മീഷനു മുന്നിൽ സമർപ്പിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നൽകിയും ഉത്തരവാകുന്നു.

1. ഒരു ശമ്പള പരിഷ്കരണ ഉത്തരവിൽ പറയുന്ന ആനുകൂല്യം ആ ഉത്തരവിന്റെ കാലയളവിൽ മാത്രമാണ് ബാധകം. അടുത്ത ശമ്പള പരിഷ്കരണ ഉത്തരവിൽ ആ ആനുകൂല്യം ഉൾപ്പെട്ടിട്ടില്ലെങ്കിൽ ആ ആനുകൂല്യം അതോടെ അവസാനിച്ചു എന്ന് കണക്കാക്കുന്നതാണ് നിലവിലെ രീതി. കൂടാതെ ഇപ്പോഴുള്ളത് പതിനൊന്നാം ശമ്പള പരിഷ്കരണ കാലയളവാണ്. നാലാം ശമ്പള പരിഷ്കരണ കാലയളവിലെ ആനുകൂല്യം നൽകണമെന്ന യുക്തി സ്വീകരിച്ചാൽ ധനപരവും ഭരണപരവുമായി അപ്രതീക്ഷിതമായ പ്രശ്നങ്ങൾ ഉണ്ടാകും

2. തദ്ദേശ വകുപ്പിൽ ഇക്കാലം വരെ എല്ലാ പഞ്ചായത്തുകളിലും ജൂനിയർ സൂപ്രണ്ട് തസ്തിക ഇല്ലായിരുന്നു. ജനസംഖ്യ കൂടുതലുള്ള പഞ്ചായത്തുകളിലെ സ്റ്റാഫുകളുടേയും തസ്തികകളുടെയും എണ്ണം എല്ലാ കാലത്തും വ്യത്യസ്തമായിരുന്നു. ഇത് അടിയന്തിരമായി മാറ്റേണ്ട സാഹചര്യമില്ല. കൂടാതെ ബഹുഭൂരിപക്ഷം പഞ്ചായത്തുകളിലും ഹെഡ്ക്ലർക്ക് മാത്രമുള്ള പഞ്ചായത്തുകളിലും ഹെഡ് ക്ലർക്കിന്റെ പ്രമോഷൻ തസ്തികയായ ജൂനിയർ സൂപ്രണ്ടിന്റെ ശമ്പള സ്കെയിലിനു തുല്യമായ അസിസ്റ്റന്റ് സെക്രട്ടറി തസ്തിക നിലവിലുണ്ട്

3.വൺ റാങ്ക് വൺ പെൻഷൻ നടപ്പിലാക്കിയിരിക്കുന്നതിനാൽ ഹെഡ് ക്ലർക്ക് തസ്തിക ജൂനിയർ സൂപ്രണ്ട് തസ്തികയായി ഉയർത്തുമ്പോൾ ഭാവിയിൽ സാമ്പത്തിക ബാധ്യതയുണ്ടാകും. മറിച്ചുള്ള വാദം തെറ്റാണ്.

4.പഞ്ചായത്തുകൾക്ക് ശമ്പളം നൽകുവാനുള്ള ജനറൽ പർപ്പസ് ഗ്രാന്റ് എല്ലാ മാസവും സർക്കാരാണ് നൽകി വരുന്നത്. കൂടാതെ പഞ്ചായത്തിലെ ജീവനക്കാരുടെ പെൻഷൻ പൂർണമായും സർക്കാരാണ് നൽകി വരുന്നത്. ആയതിനാൽ ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകളുടെ അഭിപ്രായത്തിന് പ്രസക്തിയില്ല.

മേൽപ്രകാരം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ പായിപ്പാട് ഗ്രാമപഞ്ചായത്ത് ഓഫീസിലെ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ.നവാസ് ബി തുടങ്ങിയവർ ഫയൽ ചെയ്ത ഒഎ (ഇകെഎം)നം.730/2016 നമ്പർ കേസിലെയും ഇലഞ്ഞി ഗ്രാമപഞ്ചായത്ത് ഓഫീസിലെ ഹെഡ് ക്ലർക്ക് ശ്രീ.ജോൺ കെ സ്റ്റീഫൻ തുടങ്ങിയവർ ഫയൽ ചെയ്ത ഒ എ (ഇകെഎം)301/2018 കേസിലെയും 28.02.2024ലെ പൊതു ഉത്തരവിലെ നിർദ്ദേശം പാലിച്ചിട്ടുണ്ട്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജോൺ വി സാമുവൽ ഐ എ എസ്

അഡിഷണൽ സെക്രട്ടറി

1.ശ്രീ.നവാസ് ബി, അസിസ്റ്റന്റ് സെക്രട്ടറി, പായിപ്പാട് ഗ്രാമപഞ്ചായത്ത് ഓഫീസ് ( തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

2. ശ്രീ.ജോൺ കെ സ്റ്റീഫൻ, ഹെഡ് ക്ലർക്ക്, ഇലന്തൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് ( തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

3.അഡ്വക്കേറ്റ് ജനറൽ ,കേരള , എറണാകുളം , (ആമുഖ കത്ത് സഹിതം)

4.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള തിരുവനന്തപുരം

5.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണ വകുപ്പ് , തിരുവനന്തപുരം

6.ധനകാര്യ വകുപ്പ് ( 13.11.2024ലെ ഇ-602026/ഡെവ-1/251/2017-ധന നമ്പർ യു ഒ റിമാർക്സ് പ്രകാരം)

7.ഡയറക്ടർ . ഐ കെ എം

8.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)

9.കരുതൽ ഫയൽ (ഫയൽ നം.119/ഇപിഎ1/2017-എൽഎസ്ജിഡി)

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
Date: 12-11-2025 14:36:53

സെക്ഷൻ ഓഫീസർ